**118 (520) റോഡുകളുടെ പുനരുദ്ധാരണം**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചീഫ് എൻജിനീയറുടെ ലംപ്സം ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏതെല്ലാം റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ രാജപാതകളെയും പ്രധാന ജില്ലാ റോഡുകളെയും ആധാരമാക്കി നടത്തിയ സ്ട്രാറ്റജിക് ഓപ്ഷൻ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2810 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ പുനരുദ്ധരിക്കേണ്ടവയാണെന്ന് കണ്ടെത്തുകയും അതിൽ അടിയന്തിരമായി വികസനം നടത്തേണ്ട 1000 കി.മീ. റോഡുകളെ സംബന്ധിച്ച് വിശദമായ പഠന റിപ്പോർട്ട് ലോക ബാങ്കിൽ സമർപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ദേശീയപാതാ വിഭാഗത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ പ്രത്യേക അറ്റകുറ്റപ്പണികൾ ക്രാഷ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിൽനിന്ന് 16 കോടി രൂപയുടെ അനുമതി ലഭിക്കുകയും അതനുസരിച്ച് റോഡു പണികൾക്കുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ ദേശീയ പാതകളിൽ ഇതനുസരിച്ചുള്ള പണികൾ നടന്നുവരുന്നുണ്ട്. റോഡുകൾ റബ്ബറൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അത്യാവശ്യമുള്ള പണികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിന് ചീഫ് എൻജിനീയറുടെ അടങ്കൽ തുകയിൽനിന്ന് അനുവാദം നൽകുകയാണ് ചെയ്യുന്നത്. അല്ലാതെ പ്രത്യേക മാനദണ്ഡങ്ങളൊന്നും ഇക്കാര്യത്തിലില്ല.

(ഡി) അനുബന്ധമായി കൊടുത്തിരിക്കുന്നു.

**119 (523) പാമ്പുരുത്തിപ്പാലത്തിന്റെ പണി**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാമ്പുരുത്തിപ്പാലത്തിന്റെ പണി എസ്റ്റിമേറ്റ് തുകയുടെ 104% അധികരിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എടുത്തിട്ടും പ്രസ്തുത സ്ഥാപനം എഗ്രിമെന്റ് ഒപ്പ് വച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

അനുബന്ധം 16

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തെക്കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം ഇതുവരെ എഗ്രിമെന്റ് ഒപ്പ് വെയ്ക്കാത്ത പശ്ചാത്തലത്തിൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുവാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ പാലത്തിന്റെ പണി ചെയ്യുന്നതിന് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 1992 നിരക്കിലുള്ള എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 104% അധിക നിരക്കിൽ കരാറ് നൽകുകയുണ്ടായി. അതനുസരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 199% അധിക നിരക്കും എസ്റ്റിമേറ്റ് തുകയുടെ 20% മൊബിലൈസേഷൻ അഡ്വാൻസും കൊടുത്താൽ മാത്രമേ ഈ പ്രവൃത്തി ചെയ്യാൻ കഴിയുകയുള്ളൂ എന്നാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചത്. എഗ്രിമെന്റ് വച്ച് പ്രവൃത്തി ചെയ്യാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും തയ്യാറാകാത്തതിനാൽ അവരെ ഈ പണിയിൽനിന്നും റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് നോട്ടീസ് നൽകി. ബാക്കി പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ചെയ്തു വരുന്നതിനിടയിൽ 1996 ഷെഡ്യൂൾ റേറ്റിൽ 82% കൂട്ടി കൊടുത്താൽ ഈ പ്രവൃത്തി ചെയ്തു തീർക്കാമെന്നും അതിനാൽ ഈ പണി റീ ടെണ്ടർ ചെയ്യുന്ന നടപടി നിർത്തി വയ്ക്കണമെന്നും കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചു. എന്നാൽ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നിർദ്ദേശം നിരസിക്കുകയും ഈ പണി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

**120 (530) പാലത്തിൻകടവ് പാലത്തിന്റെ നിർമ്മാണം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ-കുന്നത്തൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പള്ളിക്കൽ പഞ്ചായത്തിലെ പാലത്തിൻ കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാലത്തിൻ കടവ് പാലം മുതൽ തെങ്ങമം മാർക്കറ്റ് ജംഗ്ഷൻ വരെയുള്ള അപ്രോച്ച് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ പണി പുനരാരംഭിച്ചിട്ടുണ്ട്. പണി പുരോഗതിയിലാണ്.

(ബി) പ്രസ്തുത റോഡ് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽപ്പെടുന്നതാണ്. പ്രസ്തുത പഞ്ചായത്ത് ആവശ്യപ്പെട്ടാൽ മാത്രമേ പൊതുമരാമത്തു വകുപ്പിന് റോഡ് ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly